# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 ഡിസംബർ 25 മുതൽ ഡിസംബർ 29 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.103/2020 | തീയ്യതി: 24/12/2020 |
|---|---|

### എ. പിന്നിട്ട മൂന്ന് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 29.0 – 30.0 | 20.0 – 23.5 | 88– 92 | 01-02 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 25.12.2020 | 26.12.2020 | 27.12.2020 | 28.12.2020 | 29.12.2020 |
|---|---|---|---|---|---|
| മഴ, മി.മീ | 0.5 | 0.2 | 0 | 0 | 0 |
| കൂടിയ താപനില, °C | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 86 | 86 | 86 | 86 | 86 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 67 | 67 | 67 | 67 | 67 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 10 | 14 | 12 | 10 | 14 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 230 | 230 | 250 | 230 |
| മേഘ വിന്യാസം, ഒക്ടാ | 5 | 6 | 1 | 1 | 1 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | ഒറ്റപ്പെട്ടയിടങ്ങളിൽ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ട്<br>വാഴ, പച്ചക്കറികൾ എന്നിവക്ക് ശക്തിയുള്ള താങ്ങുകൾ നൽകുക<br>റബ്ബർ, കൊപ്ര, അടക്ക എന്നിവ തുറന്ന സ്ഥലങ്ങളിൽ ആണ് ഉണക്കുന്നതെങ്കിൽ വൈകുന്നേരങ്ങളിൽ മഴനനയാത്തിടത്തേക്കു മാറ്റി വെക്കുക | | |
| പാവയ്ക്ക | വിവിധ ഘട്ടം | കായീച്ച  | ഫിറമോൺ കെണി 15സെന്റിന് 1വീതം തൂക്കിയിടുക . 10% ശർക്കരയും 0.1% മാ ലത്തിയോണും അടങ്ങിയ മിശ്രിതം ഇലയുടെ അടിഭാഗത്തായി 40$m^2$ സ്ഥലത്തേക്ക് രണ്ടാഴ്ച ഇടവേളകളിൽ തളിച്ച് കൊടുക്കുക . |

| | | | |
|---|---|---|---|
| പച്ചമുളക് | വിവിധ ഘട്ടം | മണ്ഡരി, ഇലപ്പേൻ എന്നീ നീരൂറ്റി കുടിക്കുന്ന കീടങ്ങൾ  | 'സ്പൈറോമെസിഫെൻ' കീടനാശിനി ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നാ തോതിൽ തയ്യാറാക്കി തളിക്കുക. |
| കാബേജ് | വിവിധ ഘട്ടം | ബ്ലാക് റോട്ട്  | സ്ട്രെപ്റ്റോ സൈക്ലിൻ)300ppm) ചെടികളിൽ തളിച്ച് കൊടുക്കുക.<br>കായ്ച്ചു തുടങ്ങിയതിനു ശേഷം എല്ലാ ആഴ്ചകളിലും 2% വീര്യമുള്ള സുഡോമോണാസ് ലായനി തളിച്ച് കൊടുക്കുന്നത് രോഗ ബാധയെ ചെറുക്കൻ സഹായിക്കും. |
| പച്ചമുളക് | വിവിധ ഘട്ടം | വെള്ളീച്ച  | തയാമെതോക്സാം 2 ഗ്രാം /10ലിറ്റർ എന്ന തോതിൽ തളിക്കുക. |
| പയറ് | വളർച്ചാ ഘട്ടം | ഇലവാട്ടം  | കോൺടാഫ് (2മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം  | മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ആഴ്ച തോറും തളിച്ച് കൊടുക്കുക.രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക.രോഗബാധിത ഇലകൾ പറിച്ചെടുത്തു തീയിട്ടു നശിപ്പിക്കുക. അല്ലെങ്കിൽ പൈറാക്ലോസ്ട്രോബിൻ 5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക. |

| | | | |
|---|---|---|---|
| മത്തൻ | കായിക വളർച്ചാ ഘട്ടം | മത്തൻ വണ്ട്  | മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തയ്യാറാക്കിയ കീടനാശിനി തളിക്കുക.<br>മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി മണ്ണിൽ കുതിർക്കുകയും ചെയ്യുക. കീടനാശിനി മണ്ണിൽ കുതിർക്കുന്നതിനു മുൻപേ വിളകൾക്ക് ജലസേചനം നൽകുക. തളിച്ചതിനു ശേഷം രണ്ടു ദിവസത്തേക്ക് ജലസേചനം ഒഴിവാക്കുക. |

ഒപ്പ് /-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി